**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 889** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഇ-ഗ്രാന്റ്സ് പദ്ധതിയിൽ 2021-22, 2022-23 വർഷത്തിൽ കേന്ദ്രവിഹിതത്തിൽ എത്ര കോടി രൂപയുടെ കുടിശികയാണുള്ളത്; | (എ) | പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സിൽ 2021-22 അധ്യയന വർഷത്തിലും 2022-23 വർഷത്തെ നാളിതുവരെയുള്ള വിതരണത്തിലും കേന്ദ്രവിഹിതത്തിൽ കുടിശ്ശികയില്ല. 2022-23 അധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം പൂർത്തിയായിട്ടില്ല. നടപടികൾ പുരോഗമിച്ച് വരുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനത്തിൽ 2021-22 അധ്യയന വർഷം 13.0516 കോടി രൂപയും, 2022-23 അധ്യയന വർഷം 24.5224 കോടി രൂപ ഉൾപ്പെടെ ആകെ 37.574 കോടി രൂപ കേന്ദ്രവിഹിതത്തിൽ കുടിശ്ശികയായിട്ടുണ്ട്.<br><br>പ്രീമെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 2021-22 അധ്യയന വർഷം കുടിശ്ശികയില്ല. 2022-23 അധ്യയന വർഷത്തിൽ 2.6187 കോടി രൂപ കേന്ദ്രവിഹിതത്തിൽ കുടിശ്ശികയായിട്ടുണ്ട്.<br><br>പ്രീമെട്രിക് & പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ ആകെ 40.192 കോടി രൂപയാണ് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനത്തിൽ കേന്ദ്രവിഹിതത്തിൽ കുടിശ്ശികയായിട്ടുള്ളത്. കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട 40.192 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽ നിന്നും വിദ്യാർത്ഥികൾക്ക് അനുവദിച്ച് നൽകി. |
| (ബി) | എത്ര പട്ടികജാതി വിദ്യാർത്ഥികൾക്കാണ് 2022-23, | (ബി) | 2022-23 അധ്യയന വർഷത്തിൽ 258 പട്ടികജാതി |

| | | | |
|---|---|---|---|
| | 2023-24 വർഷത്തിൽ റിസർച്ച് ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുള്ളത്; | | ഗവേഷക വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുണ്ട്. 2023-24 അധ്യയന വർഷത്തെ അപേക്ഷകൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പുതുതായി മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ? | (സി) | തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടനിർമ്മാണം പൂർത്തിയായി വരുന്നു. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ